പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3146 — 13-03-2017-ലെ മറുപടിയ്ക്ക്

## കർഷകർക്ക് ദിശാബോധം വളർത്തുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് ദിശാബോധം വളർത്തുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇതിനായുള്ള പദ്ധതികൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ വിളയും എവിടെയെല്ലാം കൃഷി ചെയ്ത് എവിടെ വിൽക്കുമെന്ന് കണ്ടെത്തുന്നതിനുള്ള സംവിധാനം കൃഷി വകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | കേരളത്തിൽ പച്ചക്കറി ഉൽപാദനം ആവശ്യാധിഷ്ഠിതമാക്കുന്നതിനും വിപണനം സുഗമമാക്കുന്നതിനുമായി ഒരു ക്രോപ് കലണ്ടർ സംവിധാനം ചെയ്തിട്ടുണ്ട്. വിപണി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇ-വിപണി എന്ന മൊബൈൽ ആപ്ലിക്കേഷനും www.krishi.info എന്ന വെബ് പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്.<br>2017-18 വാർഷിക പദ്ധതിയിൽ ഇതു സംബന്ധിച്ച മുഴുവൻ സംവിധാനങ്ങളും കോർത്തിണക്കി ഒരു ഇ-പോർട്ടൽ വികസിപ്പിക്കാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വാഴ കൃഷിക്ക് ആവശ്യമായ സഹായങ്ങൾ കൃഷിവകുപ്പ് ചെയ്യുന്നില്ലെന്ന പരാതിയിന്മേൽ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ സംസ്ഥാന ഹോർട്ടികൾച്ചർ മുഖേന വാഴ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 26,250 രൂപ നിരക്കിൽ ധനസഹായവും, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷയും നൽകി വരുന്നു. |
| (ഡി) | പൊതുമേഖലാസ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിങ്ങ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം എന്താണെന്നും ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനുള്ള സംവിധാനം എന്താണെന്നും വ്യക്തമാക്കുമോ? | (ഡി) | ഇന്ത്യൻ കമ്പനീസ് ആക്ടിനു കീഴിൽ 1972-ൽ രൂപീകൃതമായ ഫാമിംഗ് കോർപ്പറേഷൻ പ്രാരംഭ ദിശയിൽ കരിമ്പ് കൃഷിയാണ് ചെയ്തിരുന്നത്. എന്നാൽ ടി കൃഷി ലാഭകരമല്ലാത്തതിനാൽ 1980-ൽ റബ്ബർ കൃഷിയിലേയ്ക്ക് ചുവടുമാറ്റുകയും റബ്ബർകൃഷി കൂടാതെ കശുവണ്ടി, കുരുമുളക്, കാപ്പി, അടയ്ക്ക, കൊക്കോ എന്നിവയും കൃഷി ചെയ്തു വരുന്നു. നിലവാര മാനദണ്ഡങ്ങളായ ISO 9001:2008 കമ്പനി |

കരസ്ഥമാക്കിയിട്ടുണ്ട്.

1962-ൽ രൂപീകൃതമായ പ്ലാന്റേഷൻ കോർപ്പറേഷൻ, പൊതു മേഖലയിലുള്ള ഏറ്റവും വലിയ പ്ലാന്റേഷൻ കമ്പനിയാണ്. കശുവണ്ടി, കുരുമുളക്, അടയ്ക്ക, കൊക്കോ, ഗ്രാമ്പൂ, നാളികേരം എന്നിവയാണ് പ്രധാനമായും കമ്പനിയുടെ കീഴിൽ കൃഷി ചെയ്തു വരുന്നത്. കമ്പനിയ്ക്ക് സ്വന്തമായി പത്തനംതിട്ട ജില്ലയിലെ കൊടുമണ്ണിൽ റബ്ബർ തടി അധിഷ്ഠിത വ്യവസായ കേന്ദ്രം നിലവിലുണ്ട്. കമ്പനിയ്ക്ക് കേരളത്തിലെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ തോട്ടങ്ങൾ ഉള്ളതിനാൽ ഫാം ടൂറിസം മേഖലയിലെ സാധ്യതകൾ കൂടി വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഇവയുടെ പ്രവർത്തനം സർക്കാർ തലത്തിൽ വിലയിരുത്തുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ